LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിജിലൻസ് അന്വേഷണം നടത്തുന്നതിന് മാത്രമേ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി കുറ്റകൃത്യം തെളിഞ്ഞാൽ മാത്രമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്. സ്വകാര്യ അന്യായത്തിന്മേൽ കോടതി പ്രാഥമിക അന്വേഷണത്തിന് ഉത്തരവിടുകയും പ്രാഥമികാന്വേഷണം നടത്തി കുറ്റകൃത്യം നടന്നുവെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 765 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 12 കേസ്സുകൾ പിൻവലിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. അവ അനുബന്ധമായി ചേർക്കുന്നു*.

(സി) നിലവിൽ അന്വേഷണം പൂർത്തിയാകാത്ത 526 കേസ്സുകൾ ഉണ്ട്. ഇതിൽ ഏറ്റവും പഴക്കമുള്ളത് 2003-ലേതാണ്.

(ഡി) സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ടോൾഫ്രീ മുഖാന്തിരം 11026 പരാതികൾ ലഭിച്ചു. ടി പരാതികളുടെ അടിസ്ഥാനത്തിൽ കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ&എഫ്) കേസ്സുകൾ കൈമാറിയിട്ടില്ല.

(ജി) ശ്രീ. അടൂർപ്രകാശിനെതിരെ വി. സി. 02/2008/എൻ.ആർ.കെ. നമ്പരിൽ വിജിലൻസ് അന്വേഷണം നടക്കുന്നു. പിൻവലിക്കാൻ ഉത്തരവ് നൽകിയ വിജിലൻസ് കേസ്സുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

വിജിലൻസ് ഡയറക്ടറുടെ സേവന കാലം

347 (325) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് ഡയറക്ടറായി ആരെയെല്ലാമാണ് നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഓരോരുത്തരുടേയും സേവനകാലം വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ക്രമ നമ്പർ	പേര്	കാലയളവ്
1.	ശ്രീ. നെറ്റോ ഡെസ്മണ്ട് എ. ഐ.	18-5-2011 30-9-2011
2.	ശ്രീ. എൻ. ശങ്കർ റെഡ്ഡി (ഡയറക്ടർ ഇൻ-ചാർജ്ജ്)	30-9-2011 6-1-2012
3.	ശ്രീ. വേണുഗോപാൽ കെ. നായർ	6-1-2012 31-10-2012
4.	ശ്രീമതി ആർ. ശ്രീലേഖ (ഡയറക്ടർ ഇൻ-ചാർജ്ജ്)	31-10-2012 14-11-2012
5.	ശ്രീ. മഹേഷ് കുമാർ സിംഗ്ള	14-11-2012 10-3-2014
6.	ശ്രീ. വിൻസൻ എം. പോൾ	10-3-2014 30-11-2015
7.	ശ്രീ. എൻ. ശങ്കർ റെഡ്ഡി (ഡയറക്ടർ ഇൻ-ചാർജ്ജ്)	30-11-2015 തുടരുന്നു.

ഹാന്റ്ക്സിലെ വിജിലൻസ് അന്വേഷണം

348 (326) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാന്റ്ക്സിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് അന്വേഷണം നിലവിലുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഹാന്റ്ക്സുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണമൊന്നും നിലവിലില്ല.

ഗവൺമെന്റ് ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

349 (327) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ഗവൺമെന്റ് ഉദ്യോഗസ്ഥർക്കെതിരെ എത്ര വിജിലൻസ് അന്വേഷണങ്ങൾ നടന്നിട്ടുണ്ട്; എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി; വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly